നം.ജെ 1/3578/2014/കോ.വി.വ

കോളേജ് വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 20.11.2015.

# സർക്കുലർ

07.09.2015ലെ ജി.ഒ (പി) നം.391/2015/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരുടെ ശമ്പളം ഒരു ഓഫീസിൽ ഒരു ഡി.ഡി.ഒ യുടെ നിയന്ത്രണത്തിൽ ആക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. IFMS (Implementation of Integrated Financial Management System) നടപ്പാക്കുന്നതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും ഡിഡിഒമാരുടെ അറിവിലേയ്ക്കു അടിയന്തിരായി നടപടികളെടുക്കുന്നതിനു വേണ്ടി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ എസ്.ഡി.ഒമാരും 30.11.2015നു മുൻപ് സ്പാർക്കിൽ സർവ്വീസ് വിവരങ്ങളും ആവശ്യമായ വ്യക്തിഗത വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകേണ്ടതാണ്.

2. എല്ലാ എസ്.ഡി. ഒ-മാരും നിലവിലുള്ള രീതി അനുസരിച്ച് 2015 നവംബർ മാസത്തെ ശമ്പളവും ഏതെങ്കിലും കുടിശ്ശിക ബില്ലുകൾ ഉണ്ടെങ്കിൽ അവയും സ്പാർക്ക് വഴി എടുത്ത് ട്രഷറിയിലേയ്ക്ക് 30.11.2015നു മുൻപ് അയയ്ക്കേണ്ടതാണെന്ന് നിർദ്ദേശം നൽകേണ്ടതാണ്.

3. ട്രഷറിക്ക് അയച്ച നവംബർ മാസത്തെ സ്പാർക്ക് ബില്ലിന്റെറയും അവസാനം ലഭിച്ച പേസ്ലിപ്പിന്റെയും ഓരോ പകർപ്പുകൾ എല്ലാ എസ്.ഡി.ഒ-മാരും ഓഫീസിൽ അക്കൗണ്ട്സ് സെക്ഷനിൽ നൽകേണ്ടതാണെന്ന് അറിയിപ്പ് നൽകേണ്ടതാണ്.

4. എല്ലാ എസ്.ഡി.ഒ-മാരും എസ്.ഡി.ഒ കോഡും ബാങ്ക് അക്കൗണ്ട് നമ്പരും (എസ്.ബി.റ്റി/ എസ്. ബി.ഐ എന്നിവയിൽ അതാത് ഓഫീസിൽ നിന്നും ശമ്പളം ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ബാങ്ക്) ഓഫീസിൽ അക്കൗണ്ട്സ് സെക്ഷനിൽ നൽകേണ്ടതാണെന്ന് അറിയിക്കേണ്ടതാണ്.
ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് സമർപ്പിക്കാനും ആവശ്യപ്പെടേണ്ടതാണ്. കൂടാതെ, ആധാർ നമ്പർ കഴിയുന്നതും വേഗം ബാങ്ക് അക്കൗണ്ടുമായി യോജിപ്പിക്കുന്നതിനും നിർദ്ദേശിക്കാം.

5. വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതിന് AG യിൽ നിന്നുള്ള Pay slip ഒറിജിനൽ, ഓഫീസിൽ നൽകുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

6. സർക്കാരിതര ലോൺ തുടങ്ങിയ സാമ്പത്തിക ബാദ്ധ്യത വരുന്ന തരത്തിലുള്ള സാലറി സർട്ടിഫിക്കറ്റുകളും റിക്കവറികളും ഡിഡിഒ മുഖേന ഈടാക്കുന്നതിനുള്ള സമ്മതപത്രം എസ്.ഡി.ഒമാരിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

7. ഓരോ ഓഫീസിലേയും ഡിഡിഒ, ബന്ധപ്പെട്ട ട്രഷറിയിൽ നിന്നും അതാത് ഓഫീസിൽ നിന്നുള്ള എല്ലാ എസ്.ഡി.ഒമാരുടെയും എൽ.പി.സിയും എസ്.ഡി.ഒ കോഡ് വിവരങ്ങളും ലഭ്യമാക്കി, ആയവയുടെ അടിസ്ഥാനത്തിൽ എസ്.ഡി.ഒമാരുടെ ശമ്പളം കണക്കാക്കി ബിൽ തയ്യാറാക്കേണ്ടതാണ്.

8. ശമ്പള ബില്ലിൽ നിന്നുള്ള റിക്കവറികൾക്കു പുറമേയുള്ള കോ-ഓപ്പറേറ്റിവ് ബാങ്കുകളിലേയും മറ്റുമുള്ള എല്ലാ റിക്കവറികളുടെയും വിവരങ്ങൾ വാങ്ങേണ്ടതാണ്.

(ഒപ്പ്/-)

വി. വിലാസചന്ദ്രൻ നായർ

**സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ**

ഈ വകുപ്പിനു കീഴിലുള്ള എല്ലാ ഡി.ഡി.ഒ-മാർക്കും.

//അംഗീകാരത്തോടെ//



സൂപ്രണ്ട്.